## ആമുഖം

യുഗാന്തരങ്ങളിൽ മാനവകുലത്തിന്റെ ആത്മീയ ഉന്നമനം മാത്രം അവതരണോദ്ദേശമായിരുന്ന നിരവധി അപൂർവ്വ അവതാരങ്ങൾക്കു മാനവരാശി സാക്ഷ്യം വഹിച്ചിട്ടുണ്ട്. യേശുദേവൻ ഇത്തരമൊരു അവതാരമായിരുന്നു. ശാക്യമുനി ശ്രീബുദ്ധൻ, മുഹമ്മദ് നബി എന്നീ പുണ്യപുരുഷന്മാരും ഈ വിധത്തിലുള്ള അവതാരങ്ങളായിരുന്നു. ഈ മൂന്നു നാമധേയങ്ങളും നമുക്ക് സുപരിചിതങ്ങളാണ്. പക്ഷെ നമുക്ക് പേരറിയാത്ത അനേകരുമുണ്ട്. ചിലർ പ്രത്യക്ഷമായ ആത്മീയ ഉന്നമന പ്രവർത്തനങ്ങളിൽ മുഴുകിയപ്പോൾ മറ്റു ചിലർ അജ്ഞാതരായി തുടർന്നു. ഈ വ്യക്തികൾ വ്യത്യസ്ത കാലങ്ങളിൽ, വ്യത്യസ്ത സ്ഥലങ്ങളിൽ, വ്യത്യസ്ത പേരുകളിൽ അറിയപ്പെട്ടു. അവരെ ആചാര്യൻ, അവതാരം, ബോധോദയം നേടിയവർ, രക്ഷകൻ, പ്രവാചകൻ, പരിശുദ്ധ മാതാവ്, ദൈവദൂതൻ, ഗുരു, ജീവിക്കുന്ന പുണ്യവാളൻ എന്നീ പേരുകൾ ചൊല്ലി വിളിച്ചു. അവർ നമുക്ക് പകർന്നു നൽകുന്ന വെളിച്ചത്തെ പ്രബോധനം, പാപമോചനം, വിമോചനം അല്ലെങ്കിൽ ആത്മീയ ഉണർവ്വ് എന്നിങ്ങനെ വിവക്ഷിക്കുന്നു. ഉപയോഗിക്കപ്പെടുന്ന പദങ്ങൾ വ്യത്യസ്തമായേക്കാമെങ്കിലും അവയുടെയെല്ലാം പൊരുൾ ഒന്നു തന്നെയാണ്.

പോയ്പോയ കാലങ്ങളിലെ പുണ്യപുരുഷന്മാരുടെ അതേ ദൈവീക ഉത്ഭവം സ്വന്തമായുള്ളവർ, അതേ ആത്മീയ ഔന്നത്യം പുലർത്തുന്നവർ, സദാചാരപരമായ വിശുദ്ധി നിറഞ്ഞവർ, മാനവരാശിയുടെ ആത്മീയ ഉന്നമനത്തിനുള്ള ശക്തിയുള്ളവർ ഇവരൊക്കെ ഇന്നും നമ്മളോടൊപ്പമുണ്ട്. നാം അവരുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നില്ലെന്നു മാത്രം. അവരിലൊരാളാണ് പരമഗുരു ചിങ് ഹായ്.

പരമഗുരു ചിങ് ഹായ് മനുഷ്യദൈവം എന്ന വ്യാപകമായ ഖ്യാതി നേടാൻ സാദ്ധ്യത കുറവുള്ള സ്ഥാനാർത്ഥിയാണ്. അവർ ഒരു സ്ത്രീ ആണ്, അതിലുപരിയായി നിരവധി ബുദ്ധമത വിശ്വാസികളും

മറ്റുള്ളവരും ഒരു സ്ത്രീക്ക് ഒരിക്കലും ഒരു ബുദ്ധനാകാൻ സാധിക്കില്ലെന്നു വിശ്വസിക്കുന്നവരാണ്. അവർ ഒരു ഏഷ്യൻ വംശജയാണ്. പടിഞ്ഞാറു ജീവിക്കുന്നവരിൽ പലരും തങ്ങളുടെ രക്ഷകൻ കാഴ്ചയ്ക്ക് തങ്ങളെ പോലെ ഇരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന ഞങ്ങൾ, വ്യത്യസ്തമായ ജാതിമതപശ്ചാത്തലമുള്ളവർ, ഗുരുവിനെ ആത്മാവിൽ ഉൾക്കൊള്ളാൻ ഭാഗ്യം ലഭിച്ചവർ, ഗുരുവിന്റെ വചനങ്ങളെ പിൻപറ്റുന്നവർ അങ്ങനെയുള്ള ഞങ്ങൾക്കറിയാം ഗുരു ആരാണെന്നും എന്താണെന്നും. ഇതറിയാൻ സാഹചര്യം ലഭിക്കുന്ന നിങ്ങൾ തുറന്ന മനോഭാവം പുലർത്തുകയും ഹൃദയത്തിൽ ആത്മാർത്ഥത നിലനിർത്തുകയും ചെയ്യുക. ഇത് നിങ്ങളുടെ സമയവും ഏകാഗ്രതയുമല്ലാതെ മറ്റൊന്നും ആവശ്യപ്പെടുന്നില്ല.

ആളുകൾ തങ്ങളുടെ സമയത്തിൽ ഏറിയ ഭാഗവും ജീവിതസന്ധാരണത്തിനുള്ള വഴി തേടിയും ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നതിനുമായി ചിലവഴിക്കുന്നു. നമ്മുടെയും നമ്മൾ സ്നേഹിക്കുന്നവരുടെയും ജീവിതം കഴിയുന്നത്ര ആനന്ദകരവും സുഖകരവുമാക്കാനായാണ് നമ്മൾ ജോലി ചെയ്യുന്നത്. സമയം അനുവദിക്കുമ്പോൾ നമ്മൾ രാഷ്ട്രീയം, സ്പോർട്ട്സ് അല്ലെങ്കിൽ ഏറ്റവും പുതിയ അപവാദങ്ങൾ ഇവയിൽ ശ്രദ്ധിക്കുന്നു. ജീവിതം ഇതിലുമെത്രയോ അധികം അർത്ഥപൂർണ്ണതയുള്ളതാണെന്ന് ദൈവികസത്തയുമായി നേരിട്ട് സംവദിച്ചിട്ടുള്ള ആ ദിവ്യ സമ്പർക്കത്തിന്റെ സ്നേഹപൂർണ്ണമായ ശക്തി അനുഭവിച്ചറിഞ്ഞിട്ടുള്ള നമ്മളിൽ പലർക്കും അറിയാം. ശുഭവാർത്തകൾ അധികമായി പ്രചരിക്കുന്നില്ലെന്നതിൽ നമുക്ക് പരിതപിക്കാം.

എല്ലാ ജീവിതസമരങ്ങളുടെയും പ്രതിവിധി നമ്മളുടെ ഉള്ളിൽ ശാന്തമായി മറഞ്ഞിരിക്കുന്നു, നമുക്കായി കാത്തിരിക്കുന്നു. സ്വർഗ്ഗം ഒരു നിമിഷാർത്ഥം മാത്രം അകലെയാണെന്നു ഞങ്ങൾക്കറിയാം. അമിതമായ അഭിവാഞ്ഛ കൊണ്ടോ, നമ്മുടെ യുക്തിബോധമുള്ള മനസ്സിനു നിരക്കാത്ത രീതിയിൽ എന്തെങ്കിലും പറഞ്ഞു കൊണ്ടോ ഞങ്ങൾ തെറ്റുകൾ വരുത്തുമ്പോൾ ഞങ്ങളോടു ക്ഷമിക്കുക. ഞങ്ങൾ

***6.*** തൽക്ഷണ ആത്മബോധത്തിലേക്കുള്ള താക്കോൽ പരമഗുരു ചിങ് ഹായ് കാണുന്ന കാര്യങ്ങൾ കണ്ടുകൊണ്ട്, ഞങ്ങൾക്ക് അനുഭവിച്ചറിയുന്ന കാര്യങ്ങൾ അറിഞ്ഞുകൊണ്ട് നിശബ്ദത ദീക്ഷിക്കുന്നത് തുടരുന്നത് ഞങ്ങൾക്കു പ്രയാസമുള്ള കാര്യമാണ്.

പരമഗുരു ചിങ് ഹായുടെ അനുയായികളെന്നും, ഗുരുവിന്റെ രീതി (ക്വാൻ യിൻ രീതി) പിൻതുടരുന്നവരെന്നും സ്വയം കരുതുന്ന ഞങ്ങൾ ഈ ആമുഖ സ്വഭാവമുള്ള പുസ്തകം നിങ്ങൾക്കു നൽകുന്നത് ഇത് ഞങ്ങളുടെ ഗുരുവിനോടൊപ്പമോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ നിങ്ങളെ നിങ്ങളുടെ തനതായ വ്യക്തിഗതമായ ദൈവിക സാക്ഷാത്കാരത്തിനു സഹായിക്കാൻ സാധിക്കുമെന്ന പ്രത്യാശയോടെയാണ്.

പരമഗുരു ചിങ് ഹായ് ധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും ആത്മവിചിന്തനത്തിന്റെയും പ്രാധാന്യത്തെ കുറിച്ചു ഉദ്ബോധിപ്പിക്കുന്നു. നമ്മൾ ഈ ജീവിതത്തിൽ യഥാർത്ഥത്തിൽ സംതൃപ്തരാകണമെങ്കിൽ തീർച്ചയായും നമ്മുടെ സ്വന്തമായ ആന്തരിക ദൈവിക സാന്നിദ്ധ്യം കണ്ടെത്തണമെന്ന്, ആത്മസാക്ഷാത്കാരം നേടണമെന്ന് ഗുരു നമ്മെ പഠിപ്പിക്കുന്നു. ആത്മസാക്ഷാത്കാരമെന്നത് നിഗൂഢതത്ത്വമാണെന്നും, എത്തിച്ചേരാൻ സാധിക്കാത്ത വിധം ദുർഗമമാണെന്നും, സമൂഹത്തിന്റെ പൊതുധാരയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മാറിനിൽക്കുന്നവർക്കു മാത്രമുള്ളതാണെന്നും ഉള്ള ധാരണ തെറ്റാണെന്നു ഗുരു നമ്മളോട് അരുൾ ചെയ്യുന്നു. ഗുരുവിന്റെ ധർമ്മം നമ്മൾ സാധാരണ ജീവിതം തുടർന്നു പോകുന്ന സമയത്തു തന്നെ നമ്മിൽ കുടികൊള്ളുന്ന ദൈവിക സാന്നിദ്ധ്യത്തെ തൊട്ടുണർത്തുകയെന്നതാണ്.

ഗുരു അരുൾ ചെയ്യുന്നു: ''അത് ഇങ്ങനെയാണ്. നമുക്കെല്ലാം സത്യമെന്തെന്ന് അറിയാം. പക്ഷെ അതു നമ്മൾ മറന്നു പോയിരിക്കുന്നുവെന്നു മാത്രം. അതു കൊണ്ട് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യവും, നമ്മൾ എന്തു കൊണ്ട് നിത്യമായ സത്യം കണ്ടെത്തണമെന്നതും, എന്തു കൊണ്ട് നമ്മൾ ധ്യാനം പരിശീലിക്കണമെന്നതും, എന്തു കൊണ്ട് നമ്മൾ ബുദ്ധനിൽ അല്ലെങ്കിൽ ഈ പ്രപഞ്ചത്തിലെ പരമമായ ശക്തിയെന്നു നമ്മൾ വിശ്വസിക്കുന്നത് എന്താണോ അതിൽ

വിശ്വസിക്കണമെന്നും ചില സമയങ്ങളിൽ ആരെങ്കിലും നമ്മെ ഓർമ്മിപ്പിക്കേണ്ടതുണ്ട്.''

ഗുരു ആരോടും തന്നെ പിന്തുടരണമെന്ന് ആവശ്യപ്പെടുന്നില്ല. ഗുരു വളരെ ലളിതമായി താൻ ആത്മീയ ഔന്നത്യം നേടിയതെങ്ങനെയെന്ന ഉദാഹരണത്തിൽ നിന്നും മറ്റുള്ളവർക്ക് തങ്ങളുടെ ആത്യന്തികമായ വിമോചനം നേടാൻ അവസരമൊരുക്കുക മാത്രമാണ് ചെയ്യുന്നത്.

ഈ പുസ്തകം പരമഗുരു ചിങ് ഹായുടെ ഉദ്ബോധനങ്ങളിലേക്കുള്ള ഒരു ആമുഖമാണ്. ഇവിടെ കൊടുത്തിരിക്കുന്ന പ്രഭാഷണങ്ങളും പരാമർശങ്ങളും ഉദ്ധരണികളും, റെക്കോർഡു ചെയ്തതിനോ, കേട്ടെഴുതിയതിനോ, ചിലപ്പോൾ മറ്റു ഭാഷകളിൽ നിന്നും വിവർത്തനം ചെയ്തതിനോ ശേഷം പ്രസിദ്ധീകരണത്തിനായി സമാഹരിച്ച് എഡിറ്റു ചെയ്ത ഗുരുവചനങ്ങളാണെന്നത് പ്രത്യേകം ശ്രദ്ധിക്കുക. നിങ്ങൾ യഥാർത്ഥ ഓഡിയോ ടേപ്പുകൾ കേൾക്കുകയോ, വീഡിയോ കാണുകയോ ചെയ്യുന്നത് ഉത്തമമായിരിക്കുമെന്ന് ഞങ്ങൾ നിർദേശിക്കുന്നു. ഇത്തരം മാധ്യമങ്ങൾ എഴുതപ്പെട്ട വാക്കുകളേക്കാൾ അധികമായി ഗുരുവിന്റെ കൂടുതൽ സമ്പന്നമായ ഒരു സാന്നിദ്ധ്യം നിങ്ങൾക്ക് പകർന്നു നൽകും. തീർച്ചയായും ഗുരുവിനെ നേരിൽ ദർശിക്കുകയെന്നതു തന്നെയാണ് ഏറ്റവും പൂർണ്ണമായ അനുഭവം.

ചിലർക്ക് ഗുരു ചിങ് ഹായ് തങ്ങളുടെ മാതാവാണ്, മറ്റു ചിലർക്ക് പിതാവാണ്, ഇനി ചിലർക്കാകട്ടെ തങ്ങളുടെ ഹൃദയഭാജനമാണ്. ചുരുങ്ങിയ പക്ഷം കുറഞ്ഞത് ഗുരു നിങ്ങൾക്ക് ഈ ലോകത്തിൽ ലഭിക്കാവുന്ന ഏറ്റവും നല്ല സുഹൃത്തായിരിക്കും. നമ്മളിൽ നിന്നും എടുത്തുമാറ്റുകയല്ല, നമുക്ക് പകർന്നു നൽകുകയാണ് ഗുരു ചെയ്യുന്നത്. തന്റെ പ്രബോധനങ്ങൾക്കോ, സഹായങ്ങൾക്കോ പ്രാരംഭകർമ്മത്തിനോ യാതൊരു രീതിയിലുള്ള സാമ്പത്തിക സഹായവും ഗുരു സ്വീകരിക്കുന്നില്ല. ഗുരു നിങ്ങളിൽ നിന്നും സ്വീകരിക്കുന്നത് നിങ്ങളുടെ കഷ്ടപ്പാടുകൾ, നിങ്ങളുടെ ദുഃഖം, നിങ്ങളുടെ വേദന ഇവ മാത്രമായിരിക്കും. പക്ഷെ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ മാത്രം.